ഉത്തരം

(എ) 10 കിടക്കകളുള്ള സ്ഥാപനം 20 കിടക്കകളായി വർദ്ധിപ്പിച്ചതിനെ ത്തുടർന്ന് അധിക തസ്തികകൾ അനുവദിച്ചു നൽകാത്തതിനാൽ പ്രവർത്തനത്തിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ആയുഷ് ഫണ്ട് ലഭ്യമല്ലാത്തതുകൊണ്ട് പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രിക്കാവശ്യമായ അധിക തസ്തിക അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർക്ക് യൂണിഫോം

109 (774) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർക്ക് യൂണിഫോം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ ?

ഉത്തരം

(എ & ബി) പൊതുജനാരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗത്തിന് യൂണിഫോം അനുവദിച്ചിട്ടില്ല. അതിനായി ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരുടെ നിയമനം

110 (775) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് മാസം 31 വരെ കേരളത്തിലെ വിവിധ ആശുപത്രി കളിൽനിന്ന് സ്പെഷ്യാലിറ്റി കേഡറിൽപ്പെട്ട എത്ര ഡോക്ടർമാർ പെൻഷൻപറ്റി പിരിഞ്ഞുപോയിട്ടുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻവഴി നിയമനം നടത്തി യിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻകാലങ്ങളിൽ ചെയ്തുപോലെ പ്രൊവിഷണൽ പ്രൊമോഷൻ നടത്തുന്നത് പരിഗണിക്കുമോ ;

(ഡി) ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളും സർട്ടിഫിക്കേഷന് ആയി എത്തുന്നവരും ഡോക്ടർമാരുടെ അസാന്നിധ്യംമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ആശുപത്രികളിൽനിന്നും സ്പെഷ്യാലിറ്റി കേഡറിൽപ്പെട്ട 64 ഡോക്ടർമാർ 31-3-2015 വരെ പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുണ്ട്.

(ബി) ഒഴിവുള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തിക കളിലേയ്ക്ക് താല്ക്കാലിക പ്രൊമോഷൻ നൽകി ഉത്തരവായിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പിൽ പ്രൊവിഷണൽ പ്രൊമോഷൻ ഇപ്പോഴും അനുവദിച്ച് വരുന്നുണ്ട്.

(ഡി) ഡോക്ടർമാരുടെ റിട്ടയർമെന്റുമൂലംവന്ന ഒഴിവുകൾ പ്രൊമോഷൻവഴിയും പുതിയ നിയമനങ്ങൾവഴിയും നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അഡ്ഹോക്ക് വ്യവസ്ഥയിലും താല്ക്കാലികമായും ഡോക്ടർമാരെ നിയമിച്ച് കറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറികളിലെ മാരകവിഷം

111 (776) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ മാരകവിഷ പ്രയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിഷം നിറഞ്ഞ ഇത്തരം പച്ചക്കറികൾ പരിശോധിക്കുന്നതിന് നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly